File No.HEDN-A2/86/2018-HEDN

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

**<u>സംഗ്രഹം</u>**

എൻ.സി.സി വകുപ്പ്- ശ്രീ അനിൽകുമാർ ബി, ഓഫീസ് അറ്റന്റന്റ് (Retd) ഫയൽ ചെയ്ത WP(C) 9080/2018 നമ്പർ കേസിന്മേലുള്ള വിധിന്യായത്തിലെ നിർദ്ദേശം നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉന്നത വിദ്യാഭ്യാസ (എ) വകുപ്പ്

**സ.ഉ.(സാധാ) നം.1433/2019/ഉ.വി.വ** തീയതി,തിരുവനന്തപുരം, 13/08/2019

---

പരാമർശം:- 1 ശ്രീ അനിൽകുമാർ ബി യുടെ 14-3-2017, 21-3-2017 തീയതികളിലെ നിവേദനങ്ങൾ

2 WP(C) 9080/2018 -ാം നമ്പർ കേസിന്മേലുള്ള 03-04-2018 ലെ വിധിന്യായം

3 എൻ.സി.സി വകുപ്പ് അഡീഷണൽ ഡയറക്ടർ ജനറലിന്റെ 26-7-2018 ലെ 3117 /എ1-എസ്റ്റാ-2018/എൻ.സി.സി നം കത്ത്.

**<u>ഉത്തരവ്</u>**

എൻ . സി . സി വകുപ്പുമായി ബന്ധപ്പെട്ട വിവിധ ക്രമക്കേടുകൾ ചൂണ്ടിക്കാട്ടികൊണ്ട് പ്രസ്തുത വകുപ്പിലെ ഓഫീസ് അറ്റന്റന്റ് ആയിരുന്ന ശ്രീ അനിൽകുമാർ ബി പരാമർശം (1) പ്രകാരം സർക്കാരിൽ സമർപ്പിച്ച പരാതികളിലെ ആരോപണം സംബന്ധിച്ച് അന്വേഷണം നടത്തി പരാതി തീർപ്പാക്കുന്നതിലേയ്ക്കായി ടിയാൻ ബഹു ഹൈക്കോടതിയിൽ ഫയൽ ചെയ്ത 9080/2018-ാം നമ്പർ റിട്ട് പെറ്റീഷന്മേലുള്ള പരാമർശം (2) ലെ വിധിന്യായത്തിൽ ശ്രീ. അനിൽകുമാർ ബി സർക്കാരിൽ സമർപ്പിച്ചിട്ടുള്ള നിവേദനങ്ങൾ ( Ext P1 and P3) പരിശോധിച്ച് അവ

| | |
|---|---|
| Asst | |
| Supdt Est | |
| Supdt (A) | |
| Jr Supdt (B) | |
| Head Clerk | |
| | Section A1 |

വിധിന്യായം ലഭിച്ച് 3 മാസത്തിനകം തീർപ്പാക്കുന്നതിന് സംസ്ഥാന സർക്കാരിനോട് നിർദ്ദേശിച്ചിട്ടുണ്ട്.

2. പ്രസ്തുത വിധിന്യായത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ അനിൽകുമാറിന്റെ പരാതി സംബന്ധിച്ച് എൻ.സി.സി വകുപ്പ് അഡീഷണൽ ഡയറക്ടർ ജനറൽ പരാമർശം (3) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടുകൾ പരിശോധിക്കുകയും ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഉത്തരവ് പ്രകാരം വകുപ്പിലെ ജോയിന്റ് സെക്രട്ടറി 31/01/2019 ന് ഹർജിക്കാരനെ നേരിൽ കേൾക്കുകയുമുണ്ടായി. Ext P1, P3 നിവേദനങ്ങളിലെ ഹർജിക്കാരന്റെ ആരോപണങ്ങളും അതിന്മേലുള്ള സർക്കാരിന്റെ കണ്ടെത്തലുകളും ചുവടെ ചേർക്കുന്നു:-

| ക്രമ നം | Ext P1 , P3 നിവേദനങ്ങളിലെ ആരോപണം | ആരോപണത്തിന്മേലുള്ള കണ്ടെത്തൽ |
|---|---|---|
| 1 | N C C യുടെ തിരുവനന്തപുരത്തെ ആസ്ഥാനകാര്യാലയത്തിലെ ഒഴിവുകൾ ജില്ലാതല ഒഴിവുകളായി കണക്കാക്കി PSC ക്ക് റിപ്പോർട്ടുചെയ്തു വന്ന രീതി തെറ്റാണെന്ന ബഹു ഹൈക്കോടതി വിധിയനുസരിച്ച് എല്ലാ ജില്ലകൾക്കും ഒഴിവുകൾ ലഭിക്കാൻ തുടങ്ങിയതായും ഇക്കാരണത്താൽ വകുപ്പിനകത്തെ പല ഉദ്യോഗസ്ഥർക്കും ലഭിച്ചിരുന്ന വരുമാനം നിലയ്ക്കുകയും ഇത് ഹർജിക്കാരനോടുള്ള വിദ്വേഷത്തിന് കാരണമാകുകയും ചെയ്തു . | N C C ഡയറക്ടറേറ്റിൽ ഇപ്പോൾ സംസ്ഥാനതല നിയമനമാണ് നടത്തുന്നത് എന്നതിനാൽ ഈ ആരോപണത്തിന് പ്രസക്തിയില്ല. കൂടാതെ ആരോപണം സാധൂകരിക്കുന്നതിന് തെളിവുകളോ ഉദ്യോഗസ്ഥരെ സംബന്ധിച്ച വിവരങ്ങളോ പ്രത്യേകമായി ചൂണ്ടിക്കാട്ടിയിട്ടില്ലാത്തതിനാൽ ആരോപണത്തിന് അടിസ്ഥാനമുള്ളതായി കാണുന്നില്ല . |

| | | |
|---|---|---|
| 2. | വകുപ്പുതല പ്രൊമോഷൻ അനുസരിച്ച് 2014 ൽ ലഭിക്കേണ്ടിയിരുന്ന LD Typist ഉദ്യോഗകയറ്റം, യോഗ്യതയില്ലാത്ത ശ്രീ . പി . വി . ബാബു, നിയമവിരുദ്ധമായി മാതൃവകുപ്പിലേക്ക് അന്തർജില്ലാ സ്ഥലമാറ്റം നേടിയ ശ്രീ . സോമൻ എന്നിവരുടെ നിയമനത്തിലൂടെ തടസ്സപ്പെടുത്തി. ഇതിനെതിരെ നൽകിയ പരാതിയനുസരിച്ച് ശ്രീ . വി . വി ബാബുവിന്റെ നിയമനം റദ്ദാക്കിയെങ്കിലും ശ്രീ . സോമന്റെ കാര്യത്തിൽ N C C ഡയറക്ടറേറ്റ് നടപടി എടുത്തിട്ടില്ല. ഇതിനെതിരെ ബഹു . കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ OA 915/2016 പ്രകാരം കേസ് നടത്തി വരുന്നു. | ശ്രീ . സോമന്റെ നിയമനത്തിനെതിരായി ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ കേസ് നടന്നു വരികയാണെന്ന് പരാതിക്കാരൻ വ്യക്തമാക്കിയിട്ടുള്ള സാഹചര്യത്തിൽ നിലവിൽ ഈ പരാതി തീർപ്പു കൽപ്പിക്കുവാൻ കഴിയുന്നതല്ല. |
| 3. | PSC കൊല്ലം ജില്ലാ ഓഫീസിനെ കബളിപ്പിച്ച് വ്യാജരേഖ ഹാജരാക്കി N C C വകുപ്പിൽ നിയമനം നേടിയ ശ്രീ . പ്രദീപ് എസിന്റെ നിയമനത്തിനെതിരെ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ P S C ശിപാർശ ചെയ്ത പ്രകാരം ടിയാനെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ NCC വകുപ്പ് മെല്ലെപ്പോക്ക് നയം സ്വീകരിച്ചു . | ശ്രീ . പ്രദീപിന്റെ കാര്യത്തിൽ PSC യുടേയും സർക്കാരിന്റേയും തീരുമാനങ്ങൾ NCC നടപ്പിലാക്കിയിട്ടുണ്ട്. |
| 4. | NCC വകുപ്പ് ഭരിക്കുന്ന മിലിറ്ററി ഉദ്യോഗസ്ഥർ സർക്കാർ വിട്ടു നൽകിയ കെട്ടിടങ്ങളിൽ പ്രവർത്തിച്ചുവരുന്ന Unit Run Canteen (URC) ഒരു സ്വകാര്യ സ്ഥാപനമാണെന്നും ഇത് മിലിറ്ററി ക്യാന്റീൻ ആണെന്ന്എക്സൈസ് വകുപ്പിനെ തെറ്റിദ്ധരിപ്പിച്ചുകൊണ്ട്, സംസ്ഥാന സർക്കാരിന്റെ ഉന്നത ഉദ്യോഗസ്ഥരുടെ പങ്കാളിത്തത്തോടെ വർഷം തോറും FL -8 ലൈസൻസ് കരസ്ഥമാക്കുന്നു. | U R C നടത്തുന്നതിന് FL -8 ലൈസൻസ് നൽകിയിട്ടുള്ളത് എക്സൈസ് വകുപ്പിനെ തെറ്റിദ്ധരിപ്പിച്ചാണെങ്കിൽ പരാതിക്കാരന് എക്സൈസ് വകുപ്പിനെ സമീപിക്കാവുന്നതാണ്. |

| | | |
|---|---|---|
| 5. | N C C അവരുടെ പ്രധാന ദൗത്യമായ ട്രെയിനിംഗ് മറന്ന്, ക്യാന്റീനിൽ കൂടുതൽ ശ്രദ്ധ പതിപ്പിച്ചതിനാൽ അനസ്, ധനുഷ് കൃഷ്ണ എന്നീ രണ്ടു കേഡറ്റുകൾക്ക് ജീവൻ നഷ്ടമാകുകയും ഈ സംഭവം സംബന്ധിച്ച് അന്വേഷണം തലവേദനയായപ്പോൾ ധനുഷ് കൃഷ്ണയുടെ സഹോദരിക്ക് വിമുക്ത ഭടനായി മാറ്റിവെച്ച തസ്തികയിൽ N C C വകുപ്പിൽ നിയമനം നല്കി . | അനസ് എം , ധനുഷ് കൃഷ്ണ എന്നിവർ മരണപ്പെട്ടതു സംബന്ധിച്ച അന്വേഷണ റിപ്പോർട്ടുകൾ N C C യുടെ ബന്ധപ്പെട്ട ഉന്നത അധികാരികൾക്ക് നൽകിയിട്ടുണ്ട്. |
| 6 | കൊല്ലം N C C ഗ്രൂപ്പ് കമാണ്ടർ ശ്രീ. വേണുഗോപാൽ U R C മദ്യ വിറ്റുവരവിലൂടെ Regimental Fund Account ൽ നിന്നും 38,47,947/- രൂപയുടെ ക്രമക്കേട് കാണിച്ചതിനെതിരെ ശബ്ദമുയർത്തിയതിനാൽ N C C ഡയറക്ടറേറ്റ് ഹർജിക്കാരനെതിരെ മൂന്ന് കേസുകൾ നടത്തിവരുന്നു. | സമാന പരാതികൾ പരാതിക്കാരൻ N C C യുടേയും ആർമിയുടേയും വിവിധ അധികാരികൾക്ക് നൽകുകയും വിശദമായ അന്വേഷണത്തിൽ അതെല്ലാം തള്ളിക്കളഞ്ഞിട്ടുള്ളതുമാണെന്നു NCC ADG റിപ്പോർട്ട് ചെയ്തിട്ടുള്ളത് അംഗീകരിക്കുന്നു. |
| 7 &8 | മദ്യവിതരണത്തിലെ ഫണ്ട് ക്രമക്കേടിനെതിരെ പരാതി നൽകിയതിന് പട്ടാള ഓഫീസറും ഉന്നത സംസ്ഥാന ഓഫീസറും ചേർന്ന് ഹർജിക്കാരനെ പുറത്താക്കാൻ P O C S O Act തെരഞ്ഞെടുക്കുകയും ഹർജിക്കാരനെതിരെ ശ്രീ റഷീദ് എന്ന വ്യക്തിയെകൊണ്ട് വ്യാജ പരാതി കൊടുപ്പിക്കുകയും ചെയ്തു. | ശ്രീ. റഷീദിന്റെ പരാതി അന്വേഷിക്കാൻ ഏകാംഗ കമ്മീഷനെ നിയമിക്കുകയും പരാതിയിൽ കഴമ്പില്ലെന്ന് കണ്ടെത്തി തള്ളിക്കളഞ്ഞിട്ടുള്ളതുമാണ്. ശ്രീ . അനിൽ കുമാറിനെതിരെ POCSO ആക്ട് പ്രകാരം കേസെടുക്കാൻ നീക്കം നടക്കുന്നു എന്നത് തികച്ചും വസ്തുത വിരുദ്ധമായആരോപണമാണെന്ന എൻ.സി.സി വകുപ്പ് എ.ഡി.ജി യുടെ റിപ്പോർട്ട് അംഗീകരിക്കുന്നു. |

| | | |
|---|---|---|
| 9 | ശ്രീ . പ്രദീപ് എസിനെ സർവീസിൽ നിന്നും നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ശ്രീമതി . ഷാനി എസ് . ജെ . അന്വേഷണ ഓഫീസറായി നിയമിച്ചപ്പോൾ അന്വേഷണത്തിന് ഒന്നിലധികം അംഗങ്ങളുടെ സേവനം ആവശ്യപ്പെട്ട് അന്വേഷണം നടത്തിച്ച് ടി വിഷയം പുനരന്വേഷണം നടത്തേണ്ടുന്ന സാഹചര്യം സംജാതമാക്കിയ മിലിറ്ററി ഉദ്യോഗസ്ഥർക്കെതിരെ court of inquiry നടത്തുന്നതിന് N C C ഡയറക്ടർ ജനറലിന് നിർദ്ദേശം നൽണം . | ശ്രീ. പ്രദീപ് എസ്. സീനിയർ ക്ലർക്കിനെതിരായ സമഗ്ര അന്വേഷണത്തിൽ അന്വേഷണ ഉദ്യോഗസ്ഥയ്ക്ക് രണ്ട് കീഴുദ്യോഗസ്ഥരുടെ സേവനം നൽകി ഉത്തരവായത് KCS (CCA) R u l e s ലെ ചട്ടം 15(6) പ്രകാരമായിരുന്നുവെന്നും പരാതിക്കാരൻ ഉന്നയിക്കുന്നതുപോലെ ശ്രീ . പ്രദീപിനെ സഹായിക്കാനല്ലെന്നുമുള്ള NCC A D G റിപ്പോർട്ട് ചെയ്തിട്ടുള്ളതി അംഗീകരിക്കുന്നു. |

3 . മേൽ പരാമർശിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ Ext P1, P3 നിവേദനങ്ങളിൽ ഹർജിക്കാരൻ ഉന്നയിച്ചിട്ടുള്ള ആരോപണങ്ങൾ സംശയത്തിന്റേയും ഊഹാപോഹങ്ങളുടേയും അടിസ്ഥാനത്തിലുള്ളതും, അവ സാധൂകരിക്കുന്നതിനുള്ള പിൻബലമില്ലാത്തതുമായതിനാൽ ടി പരാതികൾ തള്ളിക്കളഞ്ഞുകൊണ്ടും . അപ്രകാരം ബഹു . ഹൈക്കോടതിയുടെ WP (C) No.9080/2018 -ാം നമ്പർ കേസിന്മേലുള്ള 03/04/2018 ലെ വിധിന്യായത്തിലെ നിർദ്ദേശം നടപ്പാക്കിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

വിജയകുമാർ ആർ.

ജോയിന്റ് സെക്രട്ടറി

File No.HEDN-A2/86/2018-HEDN

അഡ്വക്കറ്റ് ജനറൽ, എറണാകുളം ( ആമുഖ കത്ത് സഹിതം)

ശ്രീ അനിൽകുമാർ ബി, അറപ്പുരയ്യൽ വീട് , കോട്ടയ്യകം , പെരിനാട് പി.ഒ, കൊല്ലം

അഡീഷണൽ ഡയറക്ടർ ജനറൽ, എൻ.സി.സി, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( ആഡിറ്റ് ), കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ,(എ &ഇ), കേരള, തിരുവനന്തപുരം.

www.highereducation.keralal.gov.in

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ